LIBRARY ARCHIVES Kerala Legislative Assembly

കേരളാ വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ നികത്താൻ നടപടി

63 [2783] ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ അഡ്വൈസ് ചെയ്ത എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) വാട്ടർ അതോറിറ്റിയിൽ ക്ലാസ് IV വിഭാഗം ജീവനക്കാരെ മീറ്റർ റീഡർ ജോലിക്ക് നിയോഗിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇങ്ങനെ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള അധിക വേതനമോ അലവൻസുകളോ നൽകുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) റിപ്പോർട്ട് ചെയ്ത വേക്കൻസികളേക്കാൾ കൂടുതൽപേരെ നൽകിയതിനാലും വേറെ ഒഴിവുകളില്ലാതിരുന്നതിനാലും അഡ്വൈസ് ചെയ്ത അഞ്ചു ലാസ്കർമാരെ നിയമിക്കാനായിട്ടില്ല. ഇൻ സർവ്വീസ് ക്വാട്ടയിൽ അഡ്വൈസ് ചെയ്ത 12 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ കാര്യത്തിലും ഹൈക്കോടതി സ്റ്റേ ഉള്ളതിനാൽ നിയമന ഉത്തരവ് നൽകാനായിട്ടില്ല.

(സി) ഉണ്ട്.

(ഡി) 100 രൂപ പ്രതിമാസ അലവൻസ് നൽകിവരുന്നു.

വാട്ടർ അതോറിറ്റിയിലെ നിയമനം

64 [2784] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
,, സി. പി. മുഹമ്മദ് :
,, കെ. ബാബു :
,, അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 ഡിസംബർ 1-ാം തീയതി മുതൽ ഇതുവരെ വാട്ടർ അതോറിറ്റിയിൽ പുതുതായി സ്ഥിരം ലാവണത്തിൽ പി. എസ്. സി. മുഖേന എത്ര പേരെ നിയമിച്ചിട്ടുണ്ട്;